ജില്ല	എണ്ണം
ആലപ്പുഴ	21458
എറണാകുളം	25163
ഇടുക്കി	14813
തൃശ്ശൂർ	32553
പാലക്കാട്	66479
മഞ്ചേരി (മലപ്പുറം ജില്ല)	65638
കോഴിക്കോട്	55318
വയനാട്	8322
കണ്ണൂർ	42639
കാസറഗോഡ്	21585

(ബി) വൈദ്യുതി കണക്ഷന് ആവശ്യമായ സാധനസാമഗ്രികൾ തികയാതെ വരുന്നതിനാലാണ് കാലതാമസമുണ്ടാകുന്നത്. ബഡ്ജറ്റ് വിഹിതമനുസരിച്ചു നിശ്ചയിച്ചിട്ടുള്ള കണക്ഷനുകളാണ് ഓരോ വർഷവും നൽകുന്നത്.

(സി) കണക്ഷനുകൾ നൽകാനുള്ള കാലതാമസം ഒഴിവാക്കാൻ ആവശ്യമായ സാധനസാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കൂടുതൽ കണക്ഷനുകൾ നൽകുന്നതാണ്.

മിനി വാട്ടർ സപ്ലൈ സ്കീമുകൾക്കുള്ള വൈദ്യുതി കണക്ഷന് ജനപങ്കാളിത്ത പദ്ധതി പ്രകാരം തുക അടയ്ക്കാനുള്ള നടപടി

9 [165] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന മിനി വാട്ടർ സപ്ലൈ സ്കീമുകൾക്ക് വേണ്ട വൈദ്യുതി കണക്ഷന് ജനപങ്കാളിത്ത പദ്ധതി പ്രകാരം തുക അടക്കാനുള്ള അവസരം നിലവിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് പല ഗ്രാമപഞ്ചായത്തുകൾക്കും ജനകീയ സമിതികൾക്കും വൈദ്യുതി കണക്ഷനുവേണ്ടി ഉയർന്ന തുക അടയ്ക്കേണ്ടി വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി നിലവിലുണ്ടായിരുന്നപ്പോൾ അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്കെങ്കിലും അപ്രകാരം തുക അടയ്ക്കുന്നതിനുള്ള അവസരം നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുണ്ട്.

(ബി ആന്റ് സി) 1-11-2003 മുതൽ ജനപങ്കാളിത്ത പദ്ധതിയിൽ വരുന്ന ജോലികൾക്ക് പുതുക്കിയ നിരക്കുകൾ നിലവിൽ വന്നിട്ടുണ്ട്.

ഡിപ്പോസിറ്റ് വർക്ക് പദ്ധതി

10 [166] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ ഡിപ്പോസിറ്റ് വർക്ക് പദ്ധതി പ്രകാരം തുക അടച്ചതും എന്നാൽ പണി ആരംഭിക്കാത്തതും പണി പൂർത്തിയാക്കാത്തതുമായ എത്ര ജോലികളുണ്ട്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആകെ എത്ര രൂപ ബോർഡിൽ ഡിപ്പോസിറ്റ് ആയി ഉണ്ട്;

(സി) ഇതിൽ എം. പി. മാരുടെ ഫണ്ടിൽ നിന്നുമുള്ള തുക എത്ര; എം.എൽ.എ. മാരുടെ ഫണ്ടിൽ നിന്നുമുള്ള തുക എത്ര; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4220 എണ്ണം.

(ബി) 3330 ലക്ഷം രൂപ.

(സി) എം. പി. ഫണ്ടിൽ നിന്നുള്ള തുക - 211 ലക്ഷം രൂപ.
എം. എൽ. എ. ഫണ്ടിൽ നിന്നുള്ള തുക - 48 ലക്ഷം രൂപ.

(ഡി) 2956 ലക്ഷം രൂപ.

വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും മീറ്റർ വാടകയിനത്തിൽ അധിക തുക ഈടാക്കുന്ന നടപടി

11 [167] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ താലൂക്കിലെ വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും മീറ്റർ വാടകയിനത്തിൽ അധിക തുക ഈടാക്കുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly